ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തൂണേരി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

---------------------------------------------


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ,കോഴിക്കോട്-20

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി 12-175/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ ,കോഴിക്കോട്
ഇ-മെയിൽ – dokkd.ksad@kerala.gov.in
ഫോൺ – 0495 2371012

തീയതി – 29.02.2020

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി )മുഖേന

തൂണേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസി. ഡവലപ്പ്മെന്റ് കമ്മീഷണർ ജനറൽ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.കെ.ഡി. പി12-175/2020 തീയ്യതി – 29.02.2020

# <u>കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.01.2020 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ഗീത.എം, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.01.2020 മുതൽ 18.01.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ (HG) |
| | ശ്രീ.ജയകുമാർ പാലോളി,അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. വിജേഷ് കെ.കെ,ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീ സി.എച്ച് ബാലകൃഷ്ണൻ<br>(01.04.2018 മുതൽ 31.03.2019 വരെ) |
| സെക്രട്ടറി | ശ്രീമതി സുജാത എം, ബി.ഡി.ഒ.<br>(01.04.2018 മുതൽ 30.04.2018 വരെ) |
| | ശ്രീ.പി.വി ബേബി ജോയിന്റ് ബി.ഡി.ഒ (ഇൻചാർജ് )<br>(01.05.2018 മുതൽ 07.06.2018 വരെ) |
| | ശ്രീ. പ്രജുകുമാർ കെ.ടി,ബി.ഡി.ഒ.<br>(08.06.2018 മുതൽ 03.08.2018 വരെ) |

| | |
|---|---|
| | യു.കെ.പത്മലോചൻ,ബി.ഡി.ഒ.<br><br>(04.08.2018 മുതൽ 07.11.2018 വരെ) |
| | പ്രജുകുമാർ കെ.ടി,ബി.ഡി.ഒ.<br><br>(08.11.2018 മുതൽ 28.02.2019 വരെ) |
| | ലിസി.സി.എ,ബി.ഡി.ഒ(അഡീഷണൽ ചാർജ്)<br><br>(01.03.2019 മുതൽ 31.03.2019 വരെ) |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി സുഷമ കെ.പി<br><br>(01.04.2018 മുതൽ 01.08.2018 വരെ) | |
| | ഇബ്രായി കെ.എൻ.<br><br>(02.08.2018 മുതൽ 11.09.2018 വരെ) | |
| | സിന്ധു കെ.എസ്.<br><br>(12.09.2018 മുതൽ 31.03.2019 വരെ) | |
| സൂപ്രണ്ട് നാദാപുരം താലൂക്ക് ആശുപത്രി | ഡോ.അരവിന്ദാക്ഷൻ<br><br>(01.04.2018 മുതൽ 31.03.2019 വരെ) | |
| സൂപ്രണ്ട് താലൂക്ക് ഹോമിയോ ആശുപത്രി പുറമേരി | ഡോ.ബിനോയ് ആന്റണി, മെഡിക്കൽ ഓഫീസർ<br><br>(01.04.2018 മുതൽ 10.12.2018 വരെ) | |
| | ഡോ.ടി.കെ.സജീവ്<br><br>(11.12.2018 മുതൽ 31.03.2019 വരെ) | |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി വളയം | ഡോ.ശശീന്ദ്രൻ പി.കെ -മെഡിക്കൽ ഓഫീസർ<br><br>(01.04.2018 മുതൽ 31.03.2019 വരെ) | |
| അസിസ്റ്റന്റ് എക്സി.എഞ്ചിനിയർ | ശ്രീ കെ ദിലീപ് കുമാർ<br><br>(01.04.2018 മുതൽ 31.03.2019 വരെ) | |
| സി.ഡി.പി.ഒ | ശ്രീമതി നബീസ കെ.പി.<br><br>(01.04.2018 മുതൽ 30.04.2018വരെ) | |
| | ശ്രീമതി. ഗിരിജ കുന്നമ്മൽ<br><br>(01.05.2018 മുതൽ 30.06.2018 വരെ) | |
| | ശ്രീമതി മിനി കെ.സി.<br><br>(01.07.2018 മുതൽ 31.03.2019 വരെ) | |
| ക്ഷീര വികസന ഓഫീസർ | ശ്രീ പത്മനാഭൻ<br><br>(01.04.2018 മുതൽ 16.07.2018 വരെ) | |
| | ശ്രീകാന്തി എൻ | |

| | |
|---|---|
| | 17.07.2018 മുതൽ 05.09.2018 വരെ |
| | മുഹമ്മദ് നവാസ്. പി<br><br>06.09.2018 മുതൽ 05.12.2018 വരെ |
| | അനുപമ സുഗതൻ<br><br>06.12.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | ആഭ്യന്തരനിയന്ത്രണം – അപകതകൾ | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-4 |
| 5 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-5 |
| 6 | പൊതു മരാമത്ത് പദ്ധതികളുടെ രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ | 1-6 |
| 7 | ശുചിത്വ മാലിന്യ സംസ്കരണം – പ്രൊജക്ട് നടപ്പായില്ല. | 1-7 |
| 8 | വാങ്ങൽ – നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-8 |
| 9 | വനിതാവിശ്രമകേന്ദ്രം – ഓഫീസ് ആവശ്യത്തിനുള്ള ഫർണിച്ചർ വാങ്ങി | 1-9 |
| 10 | ആശുപത്രി മാനേജിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | 1-10 |
| 11 | വയോജനങ്ങൾക്ക് കട്ടിൽ – പദ്ധതി നിർവഹണത്തിലെ അപാകതകൾ | 1-11 |
| 12 | ചെലവഴിക്കാത്ത തുക തിരിച്ചടച്ചില്ല | 1-12 |
| 13 | സെക്കന്ററി പാലിയേറ്റീവ് കെയർ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല | 1-13 |
| 14 | വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-14 |
| 15 | നാദാപുരം ഗവ. യു.പി.സ്കൂളിന് ടോയ്‌ലെറ്റ് നിർമ്മാണം – കരാറുകാരന് ടെണ്ടർ കുറവ് കണക്കാക്കാതെ അധികം തുക നൽകി. | 1-15 |
| | **ഭാഗം – 2**<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം – 3**<br>**ചെലവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 16 | നാദാപുരം ഗവ. യു.പി.സ്കൂളിന് ടോയ്‌ലെറ്റ് നിർമ്മാണം – കരാറുകാരന് ടെണ്ടർ കുറവ്. | 3-1 |
| | **ഭാഗം – 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 17 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം | |
| 18 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 19 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 20 | മൊബിലേസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 21 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 22 | സ്ഥിര നിക്ഷപം | 4-6 |
| 23 | ഓഡിറ്റ് റിക്കവറി | 4-7 |
| 24 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 25 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 26 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 27 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 28 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 19.03.2018 ലെ 1 (1) നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 14.02.2019ലെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരം കാണുന്നില്ല. ഡിസംബർ അവസാന വാരം ഘടക സ്ഥാപന ഓഫീസ് തലവൻമാരുടെ യോഗം വിളിച്ച് ചേർത്ത് തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപോസലുകളും ബജറ്റ് വർഷത്തേക്കുള്ള നോൺപ്ലാൺ പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടണം. സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്ന് ലഭിച്ച ബജറ്റ് നിർദ്ദേശങ്ങൾ ജനവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച് ജനവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. എന്നാൽ ഇത്തരം നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 ആഭ്യന്തര നിയന്ത്രണം - അപാകതകൾ

അഡ്വാൻസ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ , ഗവ.ഡ്യൂസ് രജിസ്റ്റർ, എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഡ്രൈവർക്ക് ദിവസ വേതനം നൽകിവരുന്നുണ്ടെങ്കിലും മസ്റ്റർറോൾ, അറ്റന്റൻസ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എല്ലാ ജീവനക്കാരുടെയും ജോലി വിഭജനം കൃത്യമായി നിർണയിച്ച് സമഗ്രമായ ഓഫീസ് ഉത്തരവ് നിലവിലില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ അടിസ്ഥാന വിവരങ്ങൾ ഉൾക്കൊള്ളുന്നില്ല. പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പിന് വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും ക്രിയാത്മകമായ ഇടപെടലുകൾ നടത്തിയിട്ടില്ല. ദൈനംദിന ചെലവുകൾ നടത്തുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും കാര്യക്ഷമത ഉറപ്പുവരുത്തുന്നതിൽ സ്ഥാപനത്തിന്റെ മേൽനോട്ട സംവിധാനങ്ങൾക്ക് വീഴ്ച വരുന്നതായി രേഖകളിൽ നിന്നും വ്യക്തമാകുന്നു. കേരള പഞ്ചായത്ത് രാജ് ആക്ട് 156(4) ഡി പ്രകാരം പഞ്ചായത്തിനെ സംബന്ധിക്കുന്ന പണം കൊടുക്കലും പണം തിരികെ കൊടുക്കലും പ്രസിഡന്റ് അധികൃതപ്പെടുത്തേണ്ടതാണ്. എന്നാൽ തനത് ഫണ്ടിൽ നിന്നുള്ള ചെലവു വൗച്ചറുകളിൽ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതപ്പെടുത്തിയിട്ടില്ല. ഇതുകൊണ്ട് തന്നെ ഇത്തരം ചെലവുകൾ മുഴുവൻ അനധികൃതമാകുന്നതാണ്. പ്രതിമാസ ചെലവുകൾ ഓഡിറ്റിന്

വിധേയമാക്കുകയെന്ന പ്രധാന ചുമതല ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കുന്നതായി കാണുന്നില്ല. തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ പ്രതിമാസം അംഗീകരിച്ച് പോകുകയെന്ന പ്രക്രിയ മാത്രമാണ് യോഗങ്ങളിൽ നടക്കുന്നത്. പ്രതിമാസ കണക്കുകളുടെ പരിശോധന ഒരു അജണ്ടയായി എല്ലാ മാസവും ഉൾപ്പെടുത്തുന്നുണ്ടെങ്കിലും ഇത് സംബന്ധിച്ച ചർച്ചകളോ തീരുമാനങ്ങളോ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-3 ഫണ്ട് വിനിയോഗം

തൻവർഷം 103 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 81 പ്രൊജക്ടുകൾ പൂർണ്ണമായും 11 പ്രൊജക്ടുകൾ ഭാഗികമായും നടപ്പാക്കി. 11 പ്രൊജക്ടുകൾ ഉപേക്ഷിച്ചു. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ ആകെ ചെലവ് 99.62 % ആണ്.

## 1-4 വാർഷിക കണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ താഴെപ്പറയുന്നവ പരിഹരിക്കാൻ അവശേഷിക്കുന്നു.

1. വാർഷിക കണക്കുകളിൽ അടിസ്ഥാന റേഷ്യോകൾ, പ്രധാനപ്പെട്ട അക്കൌണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
2. കേരളാ ഗ്രാമീൺ ബാങ്കിന്റെ തൂണേരി ശാഖയിലെ 40134100112891 നമ്പർ അക്കൗണ്ടിൽ (NADAM ) 31.3.2019 ന് 1368983/- രൂപ (ആർ.പി.40ബി) നീക്കിയിരിപ്പുണ്ട്. എസ്.ജി.എസ്.വൈ സ്പെഷ്യൽ പ്രോജക്ട് അക്കൌണ്ട് ആണ് ഇത്. 31.03.2012ന് ശേഷം ഈ അക്കൗണ്ടിൽ ഇടപാടുകളില്ല.
3. ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ സെക്രട്ടറി എല്ലാ ദിവസങ്ങളിലും പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
4. ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 2018-19 വർഷത്തെ റിക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റുകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
5. അഡ്വാൻസ് രജിസ്റ്റർ, അസറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഗവ.ഡ്യൂസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ എഴുതി ബ്ലോക്ക് പഞ്ചായത്ത് എഴുതി സൂക്ഷിക്കുന്നില്ല.
6. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകകളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
7. വാർഷിക കണക്കുകൾ പ്രകാരം BPFA I അക്കൌണ്ടിൽ 31.3.2019 തീയതിയിൽ 125000/- രൂപ (ആർ.പി 40 ബി) നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭിച്ചില്ല.
8. താഴെ സൂചിപ്പിച്ചിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ |
|---|---|---|
| 1. | കെ.ജി.ബി തൂണേരി (IWMP) | 40134111000043 |
| 2. | കെ.ജി.ബി തൂണേരി (എം.പി ഫണ്ട്) | 40134100103724 |
| 3. | കാനറ ബാങ്ക് തൂണേരി (MGNREGS) | 1423101028823 |

## 1-5 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ് ഷീറ്റ് ബി-17 പ്രകാരം എസ്.എം.ജി ബാങ്കിൽ മിസലേനിയസ് എന്ന ഹെഡിൽ 6719888.50 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഏതൊക്കെയിനങ്ങളിലുള്ള തുകയാണ് ഈ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതെന്ന് നിർണയിക്കാൻ കഴിഞ്ഞിട്ടില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കാലഹരണപ്പെട്ട / നിർത്തലാക്കിയ പദ്ധതികളിലെ നീക്കിയിരിപ്പ് തുക, അവയുടെ പലിശ എന്നിവ ഉണ്ടെങ്കിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.

## 1-6 പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണ നിർവ്വഹണത്തിലെ അപാകതകൾ

ഓഡിറ്റ് വർഷംരൂപീകരിച്ച 34 പൊതുമരാമത്ത് പ്രവൃത്തികളിൽ 15 എണ്ണത്തിൽ തൻ വർഷം തുകയൊന്നും ചെലവില്ല. ഇതിൽ തന്നെ 6 പ്രോജക്ടുകൾ പൂർണ്ണമായി ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതികൾക്കായി വകയിരുത്തിയ വികസനഫണ്ട് പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടെങ്കിലും പൊതുമരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയതിൽ 61% തുക മാത്രമാണ് തൻവർഷ പ്രോജക്ടുകൽക്കായി ചെലവഴിച്ചത്. ബാക്കി തുക ചെലവഴിച്ചിരിക്കുന്നത് മുൻവർഷം പൂർത്തിയാകാതെ സ്പിൽ ഓവറായി നടപ്പാക്കിയ പ്രവർത്തികൾക്കാണ്.

മേൽ സ്പിൽ ഓവർ പ്രവൃത്തികൾ പരിശോധിച്ചതിൽ ഭൂരിഭാഗം പ്രവൃത്തികളിലും എസ്റ്റിമേറ്റ് റിവൈസ് ചെയ്താണ് പ്രവത്തി നടപ്പാക്കിയിട്ടുള്ളത്. മേൽ കാരണത്താലാണ് പദ്ധതികൾ മുൻ സാമ്പത്തിക വർഷം പൂർത്തിയാക്കാതെ വരികയും സ്പിൽ ഓവറായി ഓഡിറ്റ് വർഷം ലഭിച്ച അലോട്ട്മെന്റ് തുകയിൽ നിന്ന് ചെലവ് നിർവ്വഹിക്കേണ്ടി വരികയും ചെയ്തിട്ടുള്ളത്. മേൽ ബധ്യത ഏറ്റെടുക്കേണ്ടതിനാൽ തന്നെ തൻ വർഷം രൂപീകരിച്ച പദ്ധതികളുടെ നിർവ്വഹണത്തിൽ ഫലത്തിൽ ഫണ്ടിന്റെ അപര്യാപ്തത നേരിടുകയും രൂപീകരിച്ച പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയാതെ ഉപേക്ഷിക്കേണ്ട അവസ്ഥ സംജാതമാക്കുകയും ചെയ്തത്.

പൊതുമരാമത്ത് പ്രവൃത്തികൾക്കായി തയ്യാറാക്കിയ ഭൂരിഭാഗം എസ്റ്റിമേറ്റുകളും റിവൈസ് ചെയ്യാനിട യാക്കിയത് സ്ഥലം സന്ദർശിച്ച് ആവശ്യകതകൾ മുൻകൂട്ടി കണ്ട് അല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന് വ്യക്തമാക്കുന്നു . മേൽകാരണത്താൽ തന്നെ പ്രവൃത്തി പൂർത്തീകരണത്തിൽ നിർവ്വഹണ ഏജൻസികളിൽ നിന്നുണ്ടായ കാലതാമസത്തിന് പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ കഴിയാതെ വരികയും ഫലത്തിൽ പദ്ധതികൾ വഴി ലഭിക്കേണ്ട ഗുണഫലം സമയബന്ധിതമായി ലഭിക്കാതെ പോയി.

പൊതുമരാമത്ത് മേഖലയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളില്ലാതെയുള്ള പദ്ധതി രൂപീകരണം-

മേഖലയെ സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ ആയത് അപൂർണ്ണമാണെന്നും പ്രാഥമിക വിവരങ്ങൾ പോലും ഉൾപ്പെടാത്തതുമാണെന്നും കാണുന്നു. മേഖലയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളോ, നിലവിൽ മേഖല നേരിടുന്ന പ്രശ്നങ്ങളോ പ്രശ്ന പരിഹാര മാർഗ്ഗങ്ങളെന്തെന്നോ സ്റ്റാറ്റസ് റിപ്പോർട്ടിലില്ല . ആയതിനാൽ തൻ വർഷം രൂപീകരിച്ച് നടപ്പിലാക്കിയ പദ്ധതികൾ യഥാർത്ഥ ആവശ്യകതയുടെ അടിസ്ഥാനത്തിലാണോ രൂപീകരിച്ചിട്ടുള്ളതെന്നോ, മേൽ പദ്ധതികൾ നടപ്പിലാക്കിയത് വഴി ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കപ്പെട്ടോ എന്നുമുള്ള പരിശോധനകൾ സാധ്യമല്ലാതെ വരുന്നു.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമായില്ല-

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം പരിശോധിച്ചതിൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 12-2-18 ന് വർക്കിംഗ് ഗ്രൂപ്പ് ചേർന്നതിൽ എ.ഇ.ഇ ഉൾപ്പെടെ മൂന്ന് പേർമാത്രമാണ് പങ്കെടുത്തിട്ടുള്ളത് മേൽ യോഗത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിക്കുന്നതിനും, പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടെങ്കിലും പദ്ധതി നിർദ്ദേശങ്ങളൊന്നും തന്നെ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ്

ഗ്രൂപ്പ് മിനുട്സ് പൂർണ്ണമല്ല. മിനുട്സ് ബുക്കിലെ പേജ് നം 14 മുതൽ 48 വരെയും 57 മുതൽ 62 വരെയുമുള്ള പേജുകൾ ഒഴിച്ചിട്ടിരിക്കുകയാണ്.

തൻ വർഷം പൂർത്തീകരിച്ച പൊതുമരാമത്ത് പ്രവൃത്തി ഫയലുകളിൽ ഒന്നുംതന്നെ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ടില്ല. പദ്ധതി രൂപീകരണത്തിനുശേഷം കൺവീനറായ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളാണ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടത്. പദ്ധതി രൂപീകരണം മുതൽ വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തു നിന്നുണ്ടായ മേൽവീഴ്ചകൾ യഥാസമയം കണ്ടെത്തി പരിഹാര നിർദ്ദേശങ്ങൾ നൽകേണ്ടത് മേൽ നോട്ടച്ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണെങ്കിലും സ്റ്റാന്റിംഗ് കമ്മി ഇത്തരം ശ്രമങ്ങളൊന്നും നടത്തിയിട്ടില്ല. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കരിക്കുന്നതിനും കഴിയേണ്ടതായിരുന്നു.

പദ്ധതി രൂപീകരണ നിർവ്വഹണ ഘട്ടത്തിലെ മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. തുടർ വർങ്ങളിലെ പൊതുമരാമത്ത് മേഖലയിലെ പദ്ധതി രൂപീകരണം മേഖലയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിച്ച് പ്രശ്നവിശകലനവും പ്രശ്നപരിഹാരസാധ്യതകളും പരിഗണിച്ചായിരിക്കാൻ ശ്രദ്ധിക്കേണ്ടതും, വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുവെന്ന് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-7 ശുചിത്വമാലിന്യ സംസ്കരണം പ്രോജക്ട് നടപ്പായില്ല

ശുചിത്വമാലിന്യ സംസ്കരണം പദ്ധതിക്കായി ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് താഴെ പറയും പ്രകാരം പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്.

| പ്രോജക്ട് നം/ പേര് | നിർവ്വഹണം | അടങ്കൽ | ചെലവ് |
|---|---|---|---|
| 105<br>മെറ്റീരിയൽറിക്കവറി ഫെസിലിറ്റി സെന്റർ നിർമ്മാണം | എ.ഇ | 2700000 | ഇല്ല |
| 17<br>ശുചിത്വ മാലിന്യ സംസ്കരണം വയബിലിറ്റി ഗ്യാപ്പ് ഫണ്ട് | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 1255000 | ഇല്ല |

ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ വരുന്ന ഗ്രമപഞ്ചായത്തുകളുടെ ശുചിത്വ മാലിന്യ പ്രോജക്ടുകളുടെ നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്ത് സ്ഥാപിക്കുന്ന എം.ആർ.എഫ് സെന്ററുമായി ബന്ധപ്പെട്ടാണെന്നിരിക്കെ ബ്ലോക്ക് പഞ്ചായത്തിന് ശുചിത്വ മേഖലയിൽ ആവിഷ്കരിച്ച പ്രോജക്ട് നടപ്പാക്കാൻ കഴിയാത്തത് പ്രദേശത്തെ മാലിന്യ സംസ്കരണ ശ്രമങ്ങളെ പ്രതികൂലമായി ബാധിക്കാനിടയുണ്ട്. കൂടാതെ നവകേരള കർമ്മ പദ്ധതിയുടെ ഭാഗികമായി സർക്കാർ പ്രഖ്യാപിച്ച വികസന മിഷനുകളിൽ ഒന്നായ ഹരിത കേരള മിഷന്റെ ദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും. ജി.ഒ (പി)11/18/തസ്വഭവ/ 20.01.2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ സ7-1സി പ്രകാരം ഇതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ പരിപാലിക്കുന്നതിനും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുനചംക്രമണത്തിന് വിധേയമാക്കുന്നതിനുമുള്ള സൗകര്യങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. വാർഷിക പദ്ധതിയിൽ ശുചിത്വ മാലിന്യ പ്രോജക്ടുകൾ നിർബന്ധിതമായി ഉൾപ്പെടുത്തി നടപ്പാക്കണമെന്നിരിക്കെ മേൽ പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയാതിരുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-8 വാങ്ങൽ - നടപടിക്രമങ്ങൾ പാലിച്ചില്ല

ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ഓഡിറ്റ് വർഷത്തിൽ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി സാധനങ്ങൾ വാങ്ങിയത് 8.11.2010 ലെ പി.259/2010/ ത.സ്വ.ഭ.വ നമ്പർ പ്രകാരം പുറപ്പെടുവിച്ച പ്രൊകൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചല്ല. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും നിർവ്വഹിക്കാൻ പോകുന്ന പ്രൊജക്ടുകൾക്കാവശ്യമായ സാധനങ്ങളും സേവനങ്ങളും എന്തൊക്കെയാണെന്നുള്ളതിന്റെ ലിസ്റ്റ് പ്രൊക്യുവർമെന്റ് കമ്മിറ്റിയെ ഏല്പിക്കണമെന്നും, കമ്മിറ്റി എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും ആവശ്യമായ സാധനങ്ങളും സേവനങ്ങളും മൊത്തത്തിൽ കണ്ടെത്തി ഒരേ ഇനം സാധനങ്ങൾ ഒരുമിച്ച് വാങ്ങുന്നതിനുള്ള നടപടി ക്രമം തെരെഞ്ഞെടുക്കുകയും ഇപ്രകാരം വാങ്ങുന്നതിന് പ്രൊക്യുവർമെന്റ് ടീമിനെ ചുമതലപ്പെടുത്തണമെന്നും മേൽ മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു. പ്രൊക്യുവർമെന്റ് ടീം ടെണ്ടർ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ പാലിച്ച് സാധന/സേവന ദാതാക്കളെ തെരെഞ്ഞെടുക്കുകയും, ഇവരുമായി കരാറിലേർപ്പെടുകയും ചെയ്ത് ഇവരിൽ നിന്നും സാധനങ്ങൾ / സേവനങ്ങൾ വാങ്ങാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്യുന്നു. ഇതനുസരിച്ച് സാധനങ്ങൾ/ സേവനങ്ങൾ വാങ്ങുന്ന ഉദ്യോഗസ്ഥർ അവ കൈപ്പറ്റി തുക നല്കുന്നു. എന്നാൽ ഓഡിറ്റ് വർഷം ഇത്തരം ഒരു പ്രൊക്യുവർമെന്റ് കമ്മിറ്റി രൂപീകരിച്ച് പ്രൊക്യുവർമെന്റ് ടീമായോ പ്രവർത്തിച്ചിട്ടില്ല. തൻവർഷം പ്രൊജക്ടുകളുമായി ബന്ധപ്പെട്ട വാങ്ങലുകൾക്ക് അതാത് നിർവ്വഹണ ഉദ്യോഗസ്ഥർ പ്രത്യേകം ടെണ്ടർ/ ക്വട്ടേഷൻ/നേരിട്ടുള്ള വാങ്ങൽ നടപടികൾ സ്വീകരിച്ച് സാധനങ്ങൾ വാങ്ങുന്ന മുൻകാല രീതി തന്നെ അവലംബിക്കുകയായിരുന്നു. ഇതുമൂലം ഒരേ ഇനം സാമഗ്രികൾ വാങ്ങുന്നതിന് ഓരോ ഉദ്യോഗസ്ഥനും വ്യത്യസ്ത നടപടിക്രമങ്ങൾ സ്വീകരിക്കുകയും മാന്വൽ വിഭാവനം ചെയ്ത വാങ്ങലുകളിൽ പരമാവധി നേട്ടമുണ്ടാക്കുകയെന്ന ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിയാതെ വരികയും ചെയ്തു. ഓഡിറ്റ് വർഷത്തിൽ ഇപ്രകാരം നടപടികൾ പാലിക്കാതെ വാങ്ങലുകൾ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി നടത്തിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ട് | വാങ്ങിയ സാധനം | ചെലവ് തുക/ ബിൽ നം. | സ്ഥാപനം |
|---|---|---|---|---|---|
| 92/18-19 | സെക്രട്ടറി | വനിതാ വ്യവസായ കേന്ദ്രം അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ | വാട്ടർ പ്യൂരിഫയർ<br>ആംചെയർ | 58800<br>4/27-06-18 | എവർലൈറ്റ് സോലാർ പവർടെക്<br>വീനസ് മാർക്കറ്റിംഗ് |
| 46/18-19 | | വനിതാ വിശ്രമകേന്ദ്രം ഫർണ്ണിച്ചർ വാങ്ങൽ | ഫർണിച്ചർ<br>ടെലിവിഷൻ | 403665<br>40/31-12-18<br>34600<br>53/26-3-19 | റബ്കോ<br>കണ്ണൻകണ്ടി സെയിൽസ് കോർപ്പറേഷൻ |
| 129/18-19 | | ലൈബ്രറികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കൽ | 10-ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ | 320900<br>49/15-3-19<br>50/15-3-19<br>51/15-3-19 | കെൽട്രോൺ |

| | | | | | |
|---|---|---|---|---|---|
| | | | | 52/15-3-19 | |
| 91/18-19 | സി.ഡി.പി.ഓ | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ. | 2-ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടറ് ഓഫ് ലൈൻ യൂ.പി.എസ്-1 ലേസർ പ്രിന്റർ | 64180 10/15-3-19 6/19-12-18 | കെൽട്രോൺ എക്കോർഡ് സിസ്റ്റം, വടകര |
| 131/18-19 | | ഐ.സി.ഡി.എസ് ഓഫീസ് ഫർണ്ണിച്ചറും ഉപകരണങ്ങളും വാങ്ങൽ | ലാപ്പ് ടോപ്പ് എൽസിഡി പ്രോജക്ടർ വിത്ത് സ്ക്രീൻ വാട്ടർ പ്യൂരിഫയർ | 90500 11/27-2-19 | നിവാനോ ഡിജിറ്റൽ ടെക്. |
| 16/18-19 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | എന്റർ പ്രയ്സ് ഫെസിലിറ്റേഷൻ സെന്റർ | ഡസ്ക്ക് ടോപ്പ് കമ്പ്യൂട്ടർ , യൂപിഎസ് | 49718 1/13-7-18 | കെൽട്രോൺ |
| 31/18-19 | ക്ഷീര വികസന ഓഫീസർ | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഫർണിച്ചർ വാങ്ങൽ | പ്രിന്റർ യൂ.പി.എസ് | 16665 4/20-12-18 80000 5/19-2-19 | കെൽട്രോൺ ഏജീസ് പവർ സൊല്യൂഷൻസ് |

സ്ഥാപനത്തിലെ 11-05-2018, 18-12-2018 എന്നീ തീയ്യതികളിൽ ചേർന്ന പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരെയും അവരുമായി ബന്ധപ്പെട്ട പ്രോജക്ടുകളിലെ വാങ്ങലുകൾക്കായി ചുമതലപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. മേൽ വാങ്ങൽ നടപടികളിൽ വാങ്ങലുകൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയുടെ ഓഡിറ്റിന് വിധേയമാക്കണമെന്ന പ്രസക്തമായ നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. തുടർ വർഷങ്ങളിലെ വാങ്ങലുകളിൽ മേൽ മാർഗ്ഗനിർദ്ദേശ പ്രകാരമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 വനിതാ വിശ്രമകേന്ദ്രം -ഓഫീസ് ആവശ്യത്തിനുള്ള ഫർണ്ണിച്ചർ വാങ്ങി- പദ്ധതി വ്യതിചലനം

പ്രോജക്ട് -46/18-19

അടങ്കൽ -500000/-രൂപ

ചെലവ് - 438265/-രൂപ
(ബിൽ നം -40/31-12-18 - 403665/-രൂപ,
ബിൽ നം -53/26-3-19 – 34600/-രൂപ)

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിലെ സാമൂഹിക നീതി ഓഫീസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ്, തുടർ സാക്ഷരതാ കേന്ദ്രം, കുടുബശ്രീ ഉല്പന്ന വിതരണ കേന്ദ്രം തുടങ്ങിയ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസുകളിലെല്ലാം കൂടി ശരാശരി അറുപതിനടുത്ത് സ്ത്രീകൾ ബ്ലോക്ക് കോമ്പൗണ്ടിൽ എത്തുന്നുണ്ട്. കൂടാതെ എം.പി.കെ.ബി.വൈ ഏജന്റുമാർക്കും നിലവിൽ ബ്ലോക്കോഫീസിൽ സൗകര്യങ്ങളൊന്നുമില്ല. ഈ സ്ത്രീകൾക്ക് വിശ്രമിക്കുന്നതിനായാണ് ബ്ളോക്ക് ഓഫീസ് കോമ്പൗണ്ടിൽ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി റബ്കോയിൽ നിന്നും 9-12-2018 ലെ ഇൻവോയ്സ് നം-RHW/18-19/334 പ്രകാരം 403665/- രൂപയ്ക്ക് താഴെപറയുന്ന ഫർണ്ണിച്ചർ വാങ്ങിയിട്ടുണ്ട് .

| | |
|---|---|
| മാനേജ്മെന്റ് ടേബിൾ | 3 |
| ഓഫീസ് ടേബിൾ ടു സീറ്റർ വിത്ത് കമ്പ്യൂട്ടർ ഫെസിലിറ്റി | 6 |
| ഷെൽഫ് ബിഗ് | 2 |
| വുഡൻ ചെയർ വിത്ത് ആം | 30 |

വനിതകളുടെ വിശ്രമാവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തിൽ അടിസ്ഥാന സൗകര്യ വികസനം എന്ന നിലയിൽ ഓഫീസ് ആവശ്യങ്ങൾക്കുള്ള ഫർണ്ണിച്ചറാണ് വാങ്ങിച്ചിരിക്കുന്നത്. ഇത് കാരണം വനിതകൾക്ക് വിശ്രമ സൗകര്യം ഒരുക്കുക എന്ന പദ്ധതി ലക്ഷ്യം കൈവരിക്കാൻ കഴിയില്ല. കൂടാതെ മേൽ കെട്ടിടം തുടർ വർഷങ്ങളിൽ മറ്റ് ഓഫീസ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താനിടയാക്കുകയും ചെയ്യും.

ഫർണ്ണിച്ചർ വാങ്ങി പത്ത് മാസകാലയളവായിട്ടും കെട്ടിടം നാളിതുവരെയയായും ഒരാവശ്യത്തിനും ഉപയോഗപ്പെടുത്തിയിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

# 1-10 ആശുപത്രി മാനേജിംഗ് കമ്മറ്റി വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

2010 ലെ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടം 9 (1) പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിക്ഷിപ്തമാണ്. എന്നാൽ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വളയം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെയും, താലൂക്ക് ഹോമിയോ ആശുപത്രിയുടെയും ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ നാളിതുവരെയുള്ള വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാർഷിക കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 7/18-19/18-01-2020) മറുപടി നൽകിയിട്ടില്ല. വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്ന കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-11 വയോജനങ്ങൾക്ക് കട്ടിൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് നം - 88/19

നിർവ്വഹണ ഉദ്യോഗസ്ഥൻ- സി.ഡി.പി.ഒ

വകയിരുത്തിയ തുക -1161450/-രൂപ

ചെലവഴിച്ച തുക -1161311/-രൂപ

1)ബിൽ നം. 04/18-19 /27-11-2019 - 869896/-രൂപ

2) ബിൽ നം 07/18-19 /17-01-2020 - 291415/-രൂപ

മേൽ പദ്ധതി പ്രകാരം തൂണേരി ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ 7 ഗ്രാമ പഞ്ചായത്തുകളിലെ തിരഞ്ഞെടുത്ത വയോജനങ്ങൾക്ക് കട്ടിൽ നൽകിയതിൽ താഴെ പറയുന്ന അപാകത കാണുന്നു.

KADCO യിൽ നിന്നും 267 കട്ടിൽ 4350/- രൂപ തോതിൽ വാങ്ങിയതിൽ സി.ഡി.പി.ഒ ഓഫീസ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം നടത്തിയത് 264 കട്ടിലുകളാണ്. ബാക്കിയുള്ള 3 കട്ടിലുകൾ വിതരണം നടത്തിയിട്ടില്ല. കട്ടിൽ വിതരണം നടത്തിയതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | വിതരണം ചെയ്ത കട്ടിലുകളുടെ എണ്ണം |
|---|---|
| എടച്ചേരി | 38 |
| പുറമേരി | 37 |
| ചെക്യാട് | 38 |
| വാണിമേൽ | 38 |
| നാദാപുരം | 38 |
| തൂണേരി | 37 |
| വളയം | 38 |
| ആകെ | 264 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് (11/19/18-01-2020) എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 ചെലവഴിക്കാത്ത തുക തിരിച്ചടച്ചില്ല

കൃഷി അസി.ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതികളിൽ ചുവടെ പട്ടികയിൽ ചേർത്തിട്ടുള്ള രണ്ട് പദ്ധതികളിലായി ഗ്രാമ പഞ്ചായത്തിന് കൈമാറിയ തുകകളിൽ, ചെലവഴിക്കാത്ത തുകകൾ ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരിച്ചടച്ചിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് | ഗ്രാമപഞ്ചായത്ത്/ ബിൽ നം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കാത്ത തുക |
|---|---|---|---|---|
| 18/19 നെൽകൃഷി, കൂലി ചെലവ് സബ്സിഡി (ബ്ലോക്ക് വിഹിതം നൽകൽ) | പുറമേരി 01/18-19/ 11-07-2018 | 100000 | 30455 | 69545 |
| 19/19 പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡി (ബ്ലോക്ക് വിഹിതം നൽകൽ) | പുറമേരി 02/18-19/ 11-07-2018 | 105000 | 18396 | 86604 |
| 19/19 പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡി (ബ്ലോക്ക് വിഹിതം നൽകൽ) | എടച്ചേരി 02/18-19/ 11-07-2018 | 210000 | 171500 | 38500 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/19/18-01-2020) മറുപടി ലഭ്യമാക്കിയില്ല. ചെലവഴിക്കാത്ത തുക തിരിച്ച് ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 സെക്കന്ററി പാലിയേറ്റീവ് കെയർ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

പ്രോജക്റ്റ് - സെക്കന്ററി പാലിയേറ്റീവ് കെയർ, വളയം സി.എച്ച്.സി(നം. 23/18-19)

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വളയം

വകയിരുത്തിയ തുക-113000/-രൂപ

ചെലവഴിച്ച തുക - 113000/-രൂപ

ബിൽ നം 12/18-19/30-11-2018 – 30376/- രൂപ

മേൽ പ്രോജക്റ്റ് പ്രകാരം വകയിരുത്തിയ ആകെ തുകയിൽ ബിൽ നം 12/18-19 പ്രകാരം KMSCL ന് പെർഫോമ ഇൻവോയ്സ് നമ്പർ PRF 2608/23.11.2018 പ്രകാരം 30376/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ 16604/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇതിൽ 13772/- രൂപയുടെ മരുന്ന് KMSCL ലിൽ നിന്നും ഇനിയും ലഭ്യമായിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/19/18-01-2020) മറുപടി ലഭ്യമാക്കിയില്ല. മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. മരുന്നുകൾ പൂർണ്ണമായി ലഭിക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 13772/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-14 വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല

ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഡയറി എക്സ്റ്റൻഷൻ ഓഫീസർ, സി.ഡി.പി.ഒ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ താഴെ പറയുന്ന തുകകളുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | പ്രോജക്ട് നം. | ബിൽ നം/ തുക | നൽകിയ തുക | |
|---|---|---|---|---|
| സെക്രട്ടറി | 117/18-19<br>ലൈഫ് ഭവനപദ്ധതി<br>പഞ്ചായത്തുകൾക്ക് തുക കൈമാറൽ | 9/12-7-18<br>2100000 | നാദാപുരം<br>വാണിമേൽ<br>വളയം<br>ചെക്യാട്<br>തൂണേരി<br>എടച്ചേരി<br>പുറമേരി | 300000<br>300000<br>300000<br>300000<br>300000<br>300000<br>300000 |
| സി.ഡി.പി.ഒ | 80/18-19<br>ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്-<br>വിഹിതം നൽകൽ | 01/18-19/<br>31-07-<br>2018<br>750000 | നാദാപുരം<br>എടച്ചേരി<br>തൂണേരി<br>വളയം<br>പുറമേരി<br>വാണിമേൽ<br>ചെക്യാട് | 125000<br>125000<br>125000<br>125000<br>100000<br>75000<br>75000 |
| | | | | |

| | | | | |
|---|---|---|---|---|
| ക്ഷീര വികസന ഓഫീസർ | 26/18-19 ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി- വിഹിതം നൽകൽ | 01/18-19/ 11-07-2018 3320000 02/18-19/ 24-11-18 260000 | നാദാപുരം<br>എടച്ചേരി<br>തൂണേരി<br>വളയം<br>പുറമേരി<br>വാണിമേൽ<br>ചെക്യാട് | 600000<br>680000<br>360000<br>180000<br>10000<br>300000<br>360000 |
| | ആകെ | 6430000 | | |

ബ്ലോക്ക് പഞ്ചായത്ത് മേൽ തുകകളുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകകൾ സമയബന്ധിതമായി വിനിയോഗിക്കപ്പെട്ടുകയോ മേൽ പ്രോജക്റ്റുകൾ ലക്ഷ്യം കൈവരിക്കുകയോ ചെയ്തിട്ടുണ്ടോ എന്നത് വ്യക്തമല്ല. മറ്റ് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്ന തുകയുടെ വിനിയോഗം കൃത്യമായി മോണിറ്റർ ചെയ്യേണ്ടതും, മേൽ തുകകളുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക ഉണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതാണ്.

## 1-15 നാദാപുരം ഗവ.യൂ.പി സ്കൂളിന് ടോയ് ലറ്റ് നിർമ്മാണം -കരാറുകാരന് ടെണ്ടർ കുറവ് കണക്കാക്കാതെ അധികം തുക നൽകി.

പ്രോജക്റ്റ് നം- 37/19

ബിൽ നം- 21/1-1-2019 – 568136/- രൂപ

നാദാപുരം ഗവ.യൂ.പി സ്കൂൾ ടോയിലറ്റ് നിർമ്മാണ പ്രവൃത്തിക്കായി ഈ-ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.അബ്രഹാം തോമസിന്റെ 545202.17 എന്ന നിരക്ക് ഭരണ സമിതി 31-07-2018 ലെ 3(1)തീരുമാന പ്രകാരം അംഗീകരിച്ച് പ്രവൃത്തി ശ്രീ.അബ്രഹാം തോമസിന് അനുവദിച്ചു. ശ്രീ.അബ്രഹാം തോമസ് 6-8-18ലെ കരാർ നമ്പർ AE/TBP/02/18-19 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എം ബുക്ക് നം.12/18-19 പ്രകാരം ആകെ 568136/- രൂപയുടെ പ്രവത്തി മൂല്യം രേഖപ്പെടുത്തുകയും, ആയതിൽ നിന്നും എൈ.ടി., വെൽഫെയർ ഫണ്ട്, ജി.എസ്.ടി ഇനങ്ങളിലായി 21508/- രൂപ കുറവ് ചെയ്ത് 546628/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാരന് നൽകിയിട്ടുണ്ട്. ഈ ടെണ്ടർ പ്രകാരം കരാറുകാരൻ പ്രവൃത്തിക്കായി 545202.17 രൂപയാണ് ക്വാട്ട് ചെയ്തത് എന്നിരിക്കെ ആയതിൽ നിന്നും റിക്കവറിതുകയായ 20638/-രൂപ കറച്ച് 524564/- രൂപക്കേ കരാറുകാരന് അർഹതയുള്ളൂ. ടെണ്ടർ കുറവ് പരിഗണിക്കാതെ കരാറുകാരന് ആധികം നൽകിയ 22064/- രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എക്സികുട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 3-1 നാദാപുരം ഗവ.യൂ.പി സ്കൂളിന് ടോയിലറ്റ് നിർമ്മാണം -കരാറുകാരന് ടെണ്ടർ കുറവ്

പ്രോജക്റ്റ് നം- 37/19

ബിൽ നം- 21/1-1-19 – 568136/-രൂപ

നാദാപുരം ഗവ.യൂ.പി സ്കൂൾ ടോയിലറ്റ് നിർമ്മാണ പ്രവൃത്തിക്കായി ഈ-ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ അബ്രഹാം തോമസിന്റെ 545202.17 എന്ന നിരക്ക് ഭരണ സമിതി 31-07-2018 ലെ 3(1)തീരുമാന പ്രകാരം അംഗീകരിച്ച് പ്രവൃത്തി ശ്രീ.അബ്രഹാം തോമസിന് അനുവദിച്ചു. ശ്രീ.അബ്രഹാം തോമസ് 6-8-18ലെ കരാർ നമ്പർ AE/TBP/02/18-19 പ്രകാരം പ്രവൃത്തി നിർവ്വഹിച്ചു. അസിസ്റ്റന്റ് എക്സികുട്ടീവ് എഞ്ചിനീയർ എം ബുക്ക് നം.12/18-19 പ്രകാരം ആകെ 568136/- രൂപയുടെ പ്രവൃത്തി മൂല്യം രേഖപ്പെടുത്തുകയും ആയതിൽ നിന്നും എെ.ടി., വെൽഫെയർ ഫണ്ട്, ജി.എസ്.ടി ഇനങ്ങളിലായി 21508/- രൂപ കുറവ് ചെയ്ത് 546628/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാരന് നൽകിയിട്ടുണ്ട്. ഈ ടെണ്ടർ പ്രകാരം കരാറുകാരൻ പ്രവൃത്തിക്കായി 545202.17 രൂപയാണ് ക്വാട്ട് ചെയ്തത് എന്നിരിക്കെ ആയതിൽ നിന്നും റിക്കവറി തുകയായ 20638/-രൂപ കുറച്ച് 524564/- രൂപയ്ക്കേ കരാറുകാരന് അർഹതയുള്ളൂ. ടെണ്ടർ കുറവ് പരിഗണിക്കാതെ കരാറുകാരന് ആധികം നൽകിയ 22064/- രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എക്സികുട്ടീവ് എഞ്ചിനീയരിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 13/08/2019 മുതൽ 14/08/2019 വരെ | നം.കെ.എസ്.എ.കെ.കെ.ഡി/ഇ2/ 887/2019(82)/24/08/2019 |

# 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ചെക്യാട് ഗ്രാമ പഞ്ചായത്ത് | 2018-19 | 400000 | 144 നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം. | 397301 | 2699 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | പി.എം.എ.വൈ.ജി.ഭവന നിർമേമാണം. | 100000 | 0 |
| എടച്ചേരി ഗ്രാമപഞ്ചായത്ത് | 2018-19 | 400000 | കാക്കന്നൂർ ബ്ലോക്ക് അംഗൻവാടി കെട്ടിടം | 0 | 400000 |
| വാണിമേൽ ഗ്രാമ പഞ്ചായത്ത് | 2018-19 | 100000 | പി.എം.എ.വൈ.വിഹിതം | 0 | 100000 |
| പുറമേരി ഗ്രാമ | 2018-19 | 400000 | വാഴയിൽ അംഗനവാടി കെട്ടിടം | 400000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| ചെക്യാട് ഗ്രാമ പഞ്ചായത്ത് | 2018-19 | 1216970 | ചെക്യാട് തൂണേരി എളവനം നാമത്ത് പാലം | 1216970 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 1500000 | തൂണേരി ബ്ലോക്ക് പട്ടികജാതി അക്കാദമി കെട്ടിടനിർമ്മാണം | 0 | 1500000 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വർഷം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് | ബ്ലോക്ക് ഓഫീസ് ലാൻ പരിഷ്കരണം | | 240807 | 240807 | 0 |
| ANERT | വനിതാ പരിശീലന കേന്ദ്രം - സോളാർ | | 412500 | 412500 | 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവനപദ്ധതിക്ക് വേണ്ടിയുള്ള വായ്പ | ജി.ഒ(എം.എസ്) നമ്പർ 90/2013 എൽ.എസ്.ജി.ഡി തീയ്യതി:14-10-2013 | | 1189242 | 198207 | 151297 | 991035 |

# 4-6 സ്ഥിര നിക്ഷേപം

- ഇല്ല -

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11454/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 1999-00 | 34, 43 | 11454 | ടി.ടി.കുഞ്ഞിക്കണാരൻ | 11454<br>DD No.244647 SBI, Kallachi dt.22.05.2018 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 38 | 2002-03 | 11(2) 114 | തൂണേരി മൃഗാശുപത്രി ക്വാർട്ടേഴ്സ് | 1)ഫൈനൽ ബിൽ ഓഡിറ്റിന് നൽകണം 2)പരിശോധിച്ച് നിയമസഭ സമിതിക്ക് റിപ്പോർട്ട് നൽകണം |
| 2001-02 | | 2003-04 | 4.13 150 | മുൻകൂർ തുകയും അനുബന്ധ സാധനങ്ങളും നൽകിയിട്ടും പ്രവൃത്തി തുടങ്ങിയില്ല. | |
| 2001-02 | 8-5, 9, 10 | 2005-06 | 2.70.4.8 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല (പൊതു പരാമർശം) | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖ. നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| | | | | | | (തീയതി) | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1999-00 | 34, 43 | ടി.ടി.കുഞ്ഞിക്കണാരൻ, സെക്രട്ടറി(റിട്ട) | LF.16206/Spl.Cell SC.5/03dt.24.07.04 | 11454 | 11454 DD No. 244647 dt. 22.05.2018 SBI Kallachi | - | - | - | 11454 | 0 | - |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 62997935 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66181789 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22064 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6443772 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 22064 | കെ.ദിലീപ്കുമാർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 13772 | ഡോ.ശശീന്ദ്രൻ പി.കെ, മെഡിക്കൽ ഓഫീസർ |
| 1-14 | 2100000 | പ്രജുകുമാർ കെ.ടി,ബി.ഡി.ഒ |
| 1-14 | 750000 | മിനി കെ.സി, സി.ഡി.പി.ഒ |
| 1-14 | 260000 | മുഹമ്മദ് നവാസ് പി, അഡീഷണൽ ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |

| | | |
|---|---|---|
| 1-14 | 3320000 | മുഹമ്മദ് നവാസ് പി,<br>അഡീഷണൽ ഡയറി<br>എക്സ്റ്റെൻഷൻ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന്
ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും<br>ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| കെ.ദിലീപ്കുമാർ,<br>അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>തൂണേരി ബ്ലോക്ക് പഞ്ചായത്ത് | കണ്ടച്ചേരി,<br>മൂവഞ്ചേരി പി.ഒ,<br>കണ്ണൂർ, 670613 |
| ഡോ.ശശീന്ദ്രൻ പി.കെ,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി,വളയം | പടിഞ്ഞാറെ കുഞ്ഞിപിലാക്കണ്ടി<br>പാതിരിപ്പറ്റ പി.ഒ,<br>കുന്നമ്മൽ673507 |
| പ്രജുകുമാർ കെ.ടി,<br>ബി.ഡി.ഒ | ബി.ഡി.ഒ,<br>കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് | - |
| മിനി കെ.സി,<br>സി.ഡി.പി.ഒ | സി.ഡി.പി.ഒ,<br>തൂണേരി ബ്ലോക്ക് പഞ്ചായത്ത് | കേതാരം,<br>കുതിരവട്ടം പി.ഒ,<br>കോഴിക്കോട് |
| മുഹമ്മദ് നവാസ് പി,<br>അഡീഷണൽ ഡയറി<br>എക്സ്റ്റെൻഷൻ ഓഫീസർ | - | പുല്ലാട്ട്,<br>നരിക്കുനി പി.ഒ,<br>കോഴിക്കോട് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | ഖണ്ഡിക എണ്ണം |
|---|---|---|---|
| 1999-2000 | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018(3) /25.05.2018 | 34,43 | 2 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018(4) /25.05.2018 | 38,39,41 | 3 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018(5) /25.05.2018 | 9, 16 | 2 |
| 2001-02 -വരവ് | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018(6) /25.05.2018 | 8(5),10 | 2 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018/25.05.2018 | 3-8 | 1 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018/25.05.2018 | 3-6, 3-8, 3-9, 3-12, 3-14, 3-15, 3-16 | 7 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018/25.05.2018 | 3-9, 3-12, 3-19 (b) | 3 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018/25.05.2018 | 3-6, 3-10 | 2 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018 /25.05.2018 | 3-5, 3-6(3) | 2 |
| 2011-12 & 2012-13 | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018/25.05.2018 | 3-1(4), 3-1(5), 3-2, 3-3, 3-5 | 5 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018/25.05.2018 | 3-4, 3-5, 3-6, 3-9, 3-10 | 5 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി.7/494/2017/11.07.2017 | 2-1,3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 | 12 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി.7/1530/2017/26.03.2018 | 2-1, 2-2, 3-1, 3-3(2), 3-3(3), 3-3(4), 3-3(5), 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17 | 20 |

| | | | |
|---|---|---|---|
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി. പി7/2055/18/20.10.2018 | 1-10, 3-1, 3-2, 3-3, 3-4, 3-5 | 6 |

മേൽ റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1

നംപർ കെ.എസ്.എ കെ.കെ.ഡി. പി12-175/2020 തീയതി- 29.02.2020

## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ<br>ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്